## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

തൊഴിൽദാന പദ്ധതിയിലെ അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും

കൃഷിവകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി 1994-ലെ ജി.ഒ. (എം.എസ്) നം. 122/94/കൃഷി ഉത്തരവ് പ്രകാരം നടപ്പിലാക്കിയ പദ്ധതിയാണ്. ഈ പദ്ധതിയിൽ 97,849 പേരാണ് അംഗങ്ങളായി ചേർന്നിരുന്നത്. മറ്റ് തൊഴിലുകൾ തേടി പോയവർ, മരണപ്പെട്ടവർ, സ്വയം പിരിഞ്ഞു പോയവർ എന്നിങ്ങനെയുള്ളവരെ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയ ശേഷം 85,217 പേർ അംഗങ്ങളായി നിലവിലുണ്ട്.

പദ്ധതി രൂപീകരിക്കുമ്പോൾ അംഗങ്ങൾക്ക് കാർഷിക മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിന് സാങ്കേതിക സഹായവും വായ്പാസൗകര്യവും വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ വികലമായ പദ്ധതി രൂപരേഖയും അംഗങ്ങളുടെ താത്പര്യരാഹിത്യവും മൂലം ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചില്ല. പദ്ധതി രൂപരേഖ പ്രകാരം 60 വയസ്സ് തികയുന്ന മുറയ്ക്ക് അംഗങ്ങൾക്ക് പ്രതിമാസം 1000 രൂപ പ്രകാരം പെൻഷനും 30,000 രൂപ ഗ്രാറ്റുവിറ്റിയുമാണ് വാഗ്ദാനം ചെയ്തിരുന്നത്.

2014 മുതൽ ഈ പദ്ധതിയിലെ അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകാൻ തുടങ്ങിയിരുന്നു. എങ്കിലും കഴിഞ്ഞ സർക്കാർ പെൻഷൻ കാര്യത്തിൽ തീരുമാനമെടുക്കാതെ മാറ്റിവച്ചിരിക്കുകയായിരുന്നു. ഇപ്പോൾ 921 പേർ 60 വയസ്സ് പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതിയിലെ അംഗങ്ങളുടെ പരാതികൾ പരിശോധിക്കുകയും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സ് പൂർത്തിയാക്കിയവർക്ക്, വാഗ്ദാനം ചെയ്ത പ്രകാരം പ്രതിമാസം 1000 രൂപ വീതം പെൻഷൻ നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. കൂടാതെ 30,000 രൂപ ഗ്രാറ്റുവിറ്റിയും നൽകുന്നതാണ്. 2017 ജൂൺ മാസം മുതൽ പെൻഷൻ തുക നൽകി തുടങ്ങുന്നതാണ്.

(ഗവൺമെന്റ് പ്രമേയം)